**കാറ്റഗറി നമ്പർ : 286/2021**
**രണ്ടാം എൻ.സി.എ വിജ്ഞാപനം**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള വിശ്വകർമ്മ സംവരണ സമുദായത്തിലപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമായി അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | മെഡിക്കൽ വിദ്യാഭ്യാസം |
| 2. | **ഉദ്യോഗപ്പേര്** | : | പവർ ലാൻട്രി അറ്റൻഡർ |
| 3. | **ശമ്പളം** | : | ₹ 17000 – 37500/– **[PR]** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ<br>വിശ്വകർമ്മ – തിരുവനന്തപുരം – 1 (ഒന്ന്) |

കുറിപ്പ്:–(i) മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തിരുവനന്തപുരം ജില്ലയ്ക്ക് വേണ്ടി മാത്രം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം അതു വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 22.09.2014 | 204/2010 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) കാറ്റഗറി നമ്പർ 498/2017 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷം മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(iv) SSLC ബുക്കിലെ ജാതി/സമുദായം സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി/സമുദായം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരികൾ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റ്,ജാതി/സമുദായ വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ അസ്സൽ എന്നിവ ബന്ധപ്പെട്ട തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ OTR വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971–ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (കേരള സംസ്ഥാനത്തിലെ വിശ്വകർമ്മ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6. **പ്രായപരിധി** : 18 – 39 വിശ്വകർമ്മ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1982–നും 01.01.2003–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

കുറിപ്പ് : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് –2 ലെ പൊതു വ്യവസ്ഥകൾ [ഖണ്ഡിക 2(i) ഒഴികെ] നോക്കുക.

7. **യോഗ്യതകൾ :–**

1. മൂന്നാം ഫാറമോ പുതിയ എട്ടാം സ്റ്റാൻഡേർഡോ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഇലക്ട്രിക്കൽ ലൈൻ ഹെൽപ്പർ ആയോ ലാസ്കർ ആയോ കുറഞ്ഞത് ഒരു വർഷത്തെ പരിചയം ഉണ്ടായിരിക്കണം.

കുറിപ്പ്:- (i) യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

(ii)വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് OTR വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

## പരിചയ സർട്ടിഫിക്കറ്റ്

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) | : |
| രജിസ്റ്റർ നമ്പർ (ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ/അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പരും,രജിസ്റ്റർ ചെയ്ത തീയതിയും | : |
| രജിസ്ട്രേഷൻ നൽകിയ അതോറിറ്റി എവിടെ രജിസ്റ്റർ ചെയ്തു എന്ന് | : |

ശ്രീ/ശ്രീമതി..........................................................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ....................................................... (തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ...........................രൂപാ മാസ ശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ................................................................... മുതൽ ................................................. വരെ ................................ വർഷം.................മാസം.........................ദിവസം ജോലി നോക്കിയിട്ടുണ്ട്/ ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സ്ഥലം : സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ<br>
തീയതി : ഒപ്പ്, (തീയതി സഹിതം) പേര്,<br>
ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര്

(ഓഫീസ് മുദ്ര)

## <u>സാക്ഷ്യപത്രം</u>

.................... എന്ന നിയമത്തിൽ /ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥപനയുടമസ്ഥൻ /തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട................................. രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി .......................... എന്ന

ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ .........................ആയി ജോലി ചെയ്തിരുന്നു/ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള....................................... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനയുടമ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ
ഉദ്യോഗസ്ഥന്റെ തിയതി സഹിതമുള്ള
ഒപ്പ്, പേര്, ഉദ്യോഗപ്പേര്, ആഫീസ് മേൽവിലാസം

സ്ഥലം :
തിയതി :

(ആഫീസ് മുദ്ര)

**<u>കുറിപ്പ്:-</u>**

i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കുക (യോജിക്കാത്ത ഇനം വെട്ടിക്കളയുക).

ii) അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തുകയും പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കപ്പെടുകയില്ല.

iii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്തിരിക്കേണ്ടതാണ്.

**<u>നോട്ട് :-</u>**

പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്,

സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ Scanned image / സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്തു ഹാജരാക്കേണ്ടതാണ്.

## പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം

ശ്രീ/ശ്രീമതി....................................................................................... (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) എന്ന ഞാൻ ........................................................................................................ സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണസ്ഥാപനം മുതലായവ)...............................................................................തസ്തികയിൽ സ്ഥിരമായി / താൽക്കാലികമായി / അപ്രന്റീസ് / ട്രെയിനി / കാഷ്വൽ ലോബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക )................................ രൂപ മാസശമ്പളത്തിൽ/ദിവസശമ്പളത്തിൽ................................മുതൽ..................വരെയുള്ള............. ........................വർഷം.....................................മാസം ......................................ദിവസം ജോലി നോക്കിയിട്ടുണ്ട്/ ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്.

സ്ഥലം : **ഉദ്യോഗാർത്ഥിയുടെ ഒപ്പ്**

തീയതി :

## 8. അപേക്ഷ സമർപ്പിക്കേണ്ട രീതി:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2011-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം

രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 08.09.2021** ബുധനാഴ്ച രാത്രി 12 മണി വരെ .

10. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ /ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

11. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976-ലെ KPSC Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഫോട്ടോ, ഐ.ഡി. കാർഡ് എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക.)
**ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**